# KERALA POLICE INFORMATION CENTRE

Ph: 0471 2318188    Email: *info.pol@kerala.gov.in*

No.49/PR/PIC/PHQ/18                                                    Date : 02.03.2018

## വനിതാ ദിനത്തിൽ പോലീസ് സ്റ്റേഷൻ വനിതകൾ നിയന്ത്രിക്കും

സ്ത്രീശാക്തീകരണത്തിന്റെ ഭാഗമായി വനിതാദിനമായ മാർച്ച് എട്ടിന് പരമാവധി സ്റ്റേഷനുകളിൽ വനിതാ എസ്.ഐ.മാർക്ക് എസ്.എച്ച്.ഒ.മാരായി ചുമതല നൽകണമെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ നിർദ്ദേശിച്ചു. വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനുവേണ്ടി കേരള പോലീസിൽ വനിതകളുടെ എണ്ണം വർധിപ്പിക്കുകയും വനിത ബറ്റാലിയൻ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം എല്ലാത്തരം പോലീസ് പ്രവർത്തനങ്ങളിലും വനിതകളുടെ പങ്കാളിത്തം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായാണ് പ്രതീകാത്മകമായി മാർച്ച് എട്ടിന് വനിതകൾക്ക് ചുമതല നൽകുന്നത്.

വനിതാദിനത്തിൽ സ്റ്റേഷനിൽ വരുന്ന പരാതികൾ സ്വീകരിക്കുന്നതും മേൽനടപടികൾ സ്വീകരിക്കുന്നതും വനിതാ ഉദ്യോഗസ്ഥരായിരിക്കും. അതത് ജില്ലകളിലുള്ള വനിതാ ഇൻസ്പെക്ടർമാരെയും വനിതാ സബ് ഇൻസ്പെക്ടർമാരെയും വനിതാ ദിനത്തിൽ സ്റ്റേഷൻ ചുമതലയ്ക്കായി പുനർവിന്യസിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വനിതാ ഇൻസ്പെക്ടർമാർ/സബ് ഇൻസ്പെക്ടർമാർ ലഭ്യമല്ലാത്ത സ്റ്റേഷനുകളിൽ പരാതികൾ സ്വീകരിക്കുകയും പൊതുജനങ്ങളുടെ മറ്റു നിയമപരമായ ആവശ്യങ്ങൾ പരിഹാരം കാണുകയും ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. മാർച്ച് അഞ്ചിനകം ഇതിനുള്ള രൂപരേഖ പോലീസ് ആസ്ഥാനത്ത് എത്തിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

*******